# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1035

03.12.2014 ലെ മറുപടിക്ക്

## വാട്ടർ ടാക്സി സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. കെ. ജയചന്ദ്രൻ** | | **ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| എ) | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, വാട്ടർ ടാക്സി സർവ്വീസ് നടത്തുന്നത് ഏതെല്ലാം സ്ഥലങ്ങളിലാണ്. ; | എ) | കൊച്ചി കേന്ദ്രമാക്കി ജലമാർഗ്ഗം എത്തിച്ചേരാവുന്ന വിവിധ കേന്ദ്രങ്ങളിലേക്കാണ് വാട്ടർ ടാക്സി സർവ്വീസുകൾ നടത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നത്. |
| ബി) | വാട്ടർ ടാക്സി ഡിസൈൻ ചെയ്തത് ഏത് ഏജൻസിയാണ്; എവിടെയാണ് നിർമ്മിച്ചത്; നിർമ്മാണ ചിലവ് എത്ര; | ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കിറ്റ്കോ മുഖേന കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടുകൂടി വാട്ടർ ടാക്സിയുടെ രൂപകൽപനയും നിർമ്മാണ വും സമുദ്രഷിപ്പ് യാർഡ് പ്രൈവറ്റ് ലിമിറ്റഡ് ആണ് നിർവ്വഹിച്ചിട്ടുള്ളത്. ഇതിന് കേരള പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ അനുമതിയും ലൈസൻസും ലഭിച്ചിട്ടുണ്ട്. 3 വാട്ടർ ടാക്സികളുടെ നിർമ്മാണ ചെലവിനായി 75 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. |
| സി) | എത്ര വാട്ടർ ടാക്സികൾ നിർമ്മിച്ചിട്ടുണ്ട്; ഓരോന്നിലും എത്ര പേർക്കുവീതം സഞ്ചരിക്കാം; യാത്രാ നിരക്ക് എത്രയാണ്; | സി) | ആറ് പേർക്ക് വീതം സഞ്ചരിക്കാവുന്ന മൂന്ന് വാട്ടർ ടാക്സികളാണ് ഇപ്പോൾ നിർമ്മിച്ചിട്ടുള്ളത്. സമയം, ദൂരം എന്നിവ കണക്കിലെടുത്തുകൊണ്ടുള്ള സോഫ്റ്റ് വെയർ അധിഷ്ഠിതമായ ബില്ലിംഗ് സംവിധാനം ആണ് വാട്ടർ ടാക്സി സർവ്വീസുകൾക്കായി ഒരുക്കിയിട്ടുള്ളത്. |

(..........2)

15 മിനിറ്റോ അല്ലെങ്കിൽ 5 കിലോമീറ്ററോ സഞ്ചരിക്കുന്നതിന് 750 രൂപ മുതലുള്ള നിരക്കുകളാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്.

ഡി) പ്രസ്തുത പദ്ധതിക്ക് ആദ്യ ഭരണാനുമതി നൽകിയത് എപ്പോഴായിരുന്നു; നിർമ്മിച്ച് കമ്മീഷൻ ചെയ്യാൻ എത്ര സമയമെടുത്തു എന്നറിയിക്കുമോ?

ഡി) 02.08.2013 ലാണ് ആദ്യ ഭരണാനുമതി നൽകിയത്. 13.11.2014ൽ പദ്ധതി കമ്മീഷൻ ചെയ്യപ്പെട്ടു. 15 മാസം കൊണ്ടാണ് പദ്ധതി പൂർത്തീകരിച്ചത്.

**സെക്ഷൻ ഓഫീസർ**